# Back 2 Bible

ദൈവ വചനത്തിലേക്ക്, അത് വിളിച്ചു പറയുന്ന സത്യങ്ങളിലേക്ക്, ഒരു മടങ്ങിപ്പോക്ക്

For online Circulation Vol. 1 Issue 6 July 2008


# വ്യജഅത്ഭുതങ്ങളും കള്ളപ്രവാചകരും

ഉണർവ്വിനുവേണ്ടിയുള്ള 'കൊതി' ലോകവ്യാപകമായിത്തീർന്നിരിക്കുന്നു. കള്ളപ്രവാചകന്മാരും സാത്താനും ഈ അവസരം മുതലെടുത്ത് വ്യാജ അത്ഭുതങ്ങളും ഉണർവ്വും കാട്ടി ജനത്തേ കബളിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ നിരയിൽ ഏറ്റവും പുതിയതാണ് ടോഡ് ബെൻടലി എന്ന വിദ്വാൻ കാട്ടിക്കൂട്ടുന്നത് ഉണർവ്വിന്റെ പേരിൽഎന്ത് നടന്നാലും എവിടെയും ജനം തടിച്ച് കൂടും. വിവേചന വരം നഷ്ടപ്പെട്ടതുകൊണ്ട് പല ആത്മീക നേതാക്കന്മാരും ടോഡിന് ജയ് വിളിക്കുവാൻ കൂടുണ്ട്. 2008 പകുതിയോട് ലേക്ലാൻഡിൽ ആരംഭിച്ചു എന്ന് പറയുന്ന 'ഉണർവ്വ്' അടുത്ത അഴ്ച്ച മുതൽ ഗോഡ് ടി. വി. അവരുടെ മറ്റ് പരിപാടികൾ റദ്ദാക്കി ലൈവായി കാണിക്കുവാൻ തുടങ്ങിയതോട് ഉണർവ്വ് ദാഹികൾ ലോകത്തിന്റെ നാനാഭാഗത്തുനിന്നും ഫ്ളോറിടായിലേക്ക് പറന്നെത്തുകയായി.

**എന്തുകൊണ്ട് ടോഡ് ബെൻടലി വിമർശിക്കപ്പെടുന്നു?**

പരിശുദ്ധാത്മിവിന്റെ ബാഹ്യപ്രകടനങ്ങളെന്ന നിലയിൽ ടോഡ് കാട്ടിക്കൂട്ടുന്ന പ്രകടനങ്ങളാണ് ഒരു പ്രധാന വിഷയം. (പരിശുദ്ധാത്മാവിന്റെ ഇടപെടലിൽ ഉണ്ടാകാവുന്ന എല്ലാ ബാഹ്യപ്രകടനങ്ങളിലും ബാക്ക് ടൂ ബൈബിൾ വിശ്വസിക്കുന്നു, എന്നാൽ അത് പരിശുദ്ധാത്മാവിൽ നിന്നാണ് എന്ന് ഉറപ്പാക്കണമെന്ന് മാത്രം.) ടോഡിന്റെ കൂട്ടങ്ങളിൽ പാപബോധമൊ യേശുവിലൂടുള്ള രക്ഷയൊ അല്ല പ്രധാന വിഷയം. ആത്മാവിന്റേത് എന്ന് പറയുന്ന കൂറെ ശക്തിപ്രകടനങ്ങൾ മാത്രം. റിവൈവെലിന്റെ ഭാഗമായി 18ൽപ്പരം മരിച്ചവർ ഉയർത്തു എന്ന് അവകാശപ്പെടുമ്പോൾ അതിന് തെളിവുകൾ ഒന്നുമില്ലെന്നതാണ് സത്യം. കാറ്റും വെളിച്ചവും ഒന്നും കടക്കാത്ത ആമസോൺ വനാന്തരത്തിലല്ല ഇത് നടക്കുന്നത് എന്ന് ഓർക്കണം. ഭോഷ്ക്കിന്റെ അത്മാവ് വ്യാപരിക്കുന്നു എന്ന് ചുരുക്കം. എല്ലാ സമൃദ്ധിയുടെ സുവിശേഷകരെപ്പോലെ പണപ്പിരിവാണ് പ്രധാന കലാപരിപാടി. ആളുകൾ മനസ്സില്ല മനസ്സോട് നാണായത്തുട്ടുകളല്ല കൊടുക്കുന്നത് ടോഡിന്റെ (അതൊ പിശാചിന്റെയൊ) മാസ്മരികതിയിൽ മയങ്ങി പേഴ്സിലെ 'വലിയ' നോട്ടും ചെക്കും ഒക്കെ നിർലോഭം കൊടുക്കുന്നു. പണപ്പിരിവിനെ ദൂതന്മാർ സഹായിക്കുന്നു എന്ന് ടോഡ് ആവാകശപ്പെടുമ്പോൾ അത് പിശാചിന്റെ ദുതനല്ലേ എന്ന ചോദ്യമുയരുന്നു.

**ടോഡിന് കൂട്ട് 'എമ്മ' എന്ന മാലാഖ.**

ആരാണീ മാലാഖയെന്നല്ലേ, ടോഡിന്റെ ഉണർവ്വിൽ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുന്നത് ഈ മാലാഖയാണ്. ഈ മാലാഖയെ ടോഡ് പരിചയപ്പെടുന്നതെങ്ങനെയെന്ന് പിന്നാലെ പറയാം. എന്നാൽ വേദപുസ്തകത്തിൽ പറയുന്ന ദൂതന്മാരുമായി എമ്മക്ക് ബന്ധമൊന്നുമില്ല. മാത്രമല്ല എമ്മ സ്ത്രീയാണെന്നാണ് ടോഡ് പറയുന്നത്. കാഴ്ച്ചയിൽ 20 വയസ്സ് തോന്നും സുന്ദരിയുമാണ് എന്നാൽ മുഖത്തുള്ള ഭാവം മാതാവിന്റേതും. ഇത് കേൾക്കുമ്പോൾ തന്നെ അത്യാവശ്യം വചനപരിചയമുള്ളവൻ എമ്മ ആരെന്ന് തിരിച്ചറിയും. ഈ പേക്കൂത്തെല്ലാം അങ്ങ് അമ്മേരിക്കയിലാണ് എന്ന് ആശ്വസിക്കാൻ വരട്ടെ. ടോഡിന്റെ ഔദ്യോഗിക വെബ് സൈറ്റ് പ്രകാരം തന്റെ പ്രധാന പ്രവർത്തന കേന്ദ്രങ്ങളിലൊന്ന് ഇൻഡ്യയാണ്. പോരെങ്കിൽ പുതിയ ഐറ്റം എന്തെങ്കിലും ഇറക്കാൻ കച്ചകെട്ടിയിരിക്കുന്ന വ്യാജസുവിശേഷകർ മലയാളത്തിൽ ധാരാളമുള്ളത് ബാക്ക് ടു ബൈബിളിന്റെ ഭയം വർദ്ധിപ്പിക്കുന്നു.

**എവടെ നിന്ന് കിട്ടി ഈ എമ്മയെ?**

പഴയ ദുരുപദേശക്കാരൻ വില്യം ബർഹാമിന്റെ ശക്തിക്ക് കാരണം തന്റെ കൂടെയുള്ള ദൂതനാണെന്നും ദൂതൻ കൂടെയില്ലാത്തപ്പോൾ ഒരു സൗഖ്യവും നടത്തുവാൻ കഴിയുകയില്ലെന്നും ബർഹാം പറഞ്ഞിരുന്നു. ബർഹാമിന്റെ ദൂതനെപോലെ തന്നെയാണ് ടോഡിന്റെ സ്ത്രീ മാലാഖയും. 2001 ൽ അസംബ്ലീസ് ഓഫ് ഗോഡിന്റെ ഒരു സഭയിൽ വെച്ചാണ് ആദ്യമായി ഈ മാലാഖയെ കണ്ടതായി ടോഡ് അവകാശപ്പെട്ടത്. അസംബ്ലീസ് ഓഫ് ഗോഡിൽ ഈ വിഷയം ഏറെ ചർച്ചചെയ്യപ്പെടുകയും അതിന്റെ വേദാടിസ്ഥാനങ്ങളെ ചേദ്യം ചെയ്യപ്പെടുകയും ചെയ്തു. എന്നാൽ ദൈവത്തിന്റെ പ്രത്യേക ഇടപ്പെടൽ എന്നാണ് ടോഡ് ഇതിനെ വിശേഷിപ്പിച്ചത്. ടോഡിന്റെ രക്ഷാധികാരി എന്ന് വേണമെങ്കിൽ വിളിക്കാവുന്ന ബോബ് ജോണ്സാണ് ഈ മാലാഖ എമ്മയാണെന്ന് പറഞ്ഞുകൊടുത്തത്. പഴയ കെ. സി. റിവൈവെൽ (കാൻസാസ് സിറ്റി റിവൈവെൽ, 1980) നേതക്കന്മാരിൽ ഒരാളാണ് ബോബ്. കെ.സി. റിവൈവെൽ കാലത്ത് എമ്മയായിരുന്നു പ്രവചനത്തിന്റെ ആത്മാവായി വ്യാപരിച്ചിരുന്നത് എന്ന് പറയുമ്പോൾ ഇതിലെ പൈശാചികസാന്നിദ്ധ്യം വ്യക്തമാകും. മറ്റൊരു കെ. സി. പ്രവാചകനായ പോൾ കെയ്ൻ ടോഡിന്റെ ഉണർവ്വ ദൈവീകമെന്ന് സർട്ടിഫിക്കറ്റും കൊടുത്തു.

**ആരാണി കൂട്ടുകർ?**

ആരാണ് ബോബ് ജോൺസും പോൾ കെയ്നും. ബോബ് ജോൺസിന് പ്രവചിക്കണമെങ്കിൽ സ്ത്രീകൾ തന്റെ മുമ്പിൽ നഗ്നരായി നിൽക്കണമായിരുന്നു. കെ. സി. റിവൈവലിന്റെ കാലത്ത് തന്റെ അടുക്കൽ ദൈവീക ആലോചന ചോദിച്ച് വരുന്ന സ്ത്രീകളെ തന്റെ ഓഫീസിൽ വിളിച്ചുവരുത്തി നഗ്നരാകുവാൻ ബോബ് ആവശ്യപ്പെടുമായിരുന്നു. അതിന്റെ പേരിൽ ഒടുവിൽ സഭയിൽ നിന്ന് മുടക്കപ്പെടുകയും ചെയ്തു. പോൾ കെയ്നിന്റെ കഥ മറ്റൊന്നാണ് വിവാഹം കഴിക്കാതിരുന്നാൽ എല്ല ലൈംഗിക പാപങ്ങളെയും അതിജീവിക്കുവാനുള്ള ശക്തി ദൈവം തനിക്ക് കൊടുക്കുമെന്ന് വെളിപ്പെടുത്തിപോലും. അതുകൊണ്ട് കെട്ടാനിരുന്ന പെണ്ണിനെയും കൈവിട്ട് പോളിന്റെ ബ്രഹ്മാചരം ആരംഭിച്ചു. എന്നാൽ നാളുകൾക്കുള്ളിൽ സ്വവർഗ്ഗരതിക്കും മദ്യപാനത്തിനും താൻ അടിമയായി. ഇവർക്ക് കൂട്ട് കിട്ടിയ ടോഡിനും ഇങ്ങനെയൊരു പഴങ്കഥയുണ്ട്. പതിനാല് വയസ്സുള്ളപ്പൊൾ മറ്റെരു ഏഴ് വയസ്സുകാരനെ പീഡിപ്പിച്ചതിന് ടോഡ് ജയിലിൽക്കിടന്നിട്ടുണ്ട്. എന്നാൽ അത് രക്ഷിക്കപ്പെടുന്നതിന് മുൻപുള്ളത് (ശരിക്കും രക്ഷിക്കപ്പെട്ടതാണെങ്കിൽ) എന്ന വിഭാഗത്തിലുള്ളതായതു കൊണ്ട് ബാക്ക് ടു ബൈബിൾ അക്കാര്യത്തിൽ ടേഡിനെ വിമർശിക്കയില്ല.

**ദേഹം മുഴുവൻ പച്ചകുത്തിയതെന്തിന്?**




ടോഡിന്റെ മേലാസകലം പച്ചകുത്തിയ രൂപം കണ്ടപ്പോൾ അതും ടോഡിന്റെ പഴയകാലം എന്നാണ് കരുതിയത്. എന്നാൽ തന്റെ 'മിനിസ്ട്രി' തുടങ്ങി രണ്ട് വർഷങ്ങൾക്ക് ശേഷമാണ് ഒരു ഡസനിലധികം ടാറ്റൂസ് ടോഡിന്റെ ശരീരത്തിൽ നിറഞ്ഞത്. അതിന് ടോഡിന്റെ വിശദീകരണം പച്ചക്കുത്തുവാൻ ദൈവം തന്നൊട് അവശ്യപ്പെട്ടു എന്നതാണ്. ചിത്രത്തിൽ കാണുന്ന ജപ്പാനിസ് ഭാഷയിലുള്ള ടാറ്റു ശ്രദ്ധിക്കുക. കാവലാൾ അല്ലെങ്കിൽ വാതിൽ കാവൽക്കാരൻ എന്നാണ് ഇതിന്റെ അർത്ഥം. ടോഡിന്റെ മറ്റെരു ടാറ്റു ബുദ്ധമതക്കാരുടെ നരകത്തിന്റെ കാവൽ ഭൂതം ഒനിയുടെതാണ്. കൂടാതെ ആറ് ഭുജങ്ങളുള്ള നക്ഷത്രം, മലാഖമാർ, മുൾക്കിരീടധാരിയായി മരിച്ചു കിടക്കുന്ന യേശുവിന്റെ രൂപം ഒക്കെ ടോഡിന്റെ ടാറ്റുസിൽപ്പെടുന്നു. പച്ചകുത്തൽ കൂടാതെ മുഖത്ത് എവിടെയെല്ലാം തുളയിട്ട് ലോഹവും മുത്തും മറ്റും തുക്കിയിടാമൊ അതെല്ലാം ടോഡ് ചെയ്തിട്ടുണ്ട്. കറുത്ത ടീ ഷർട്ടും അതിൽ വേഗത്തിൽ അർത്ഥം മനസ്സിലാക്കുവാൻ കഴിയാത്ത ചിത്രങ്ങളും ഒക്കെ വലിയ വിമർശനമാണ് വിളിച്ചുവരുത്തുന്നത്.


രണ്ടാം പേജിൽ തുടരും

Back 2 Bible

ദൈവ വചനത്തിലേക്ക്, അത് വിളിച്ചു പറയുന്ന സത്യങ്ങളിലേക്ക്, ഒരു മടങ്ങിപ്പോക്ക്

We cordially welcome your valuable comments and feedback
WEBSITE : http://www.back2bible.com
EMAIL : editor@back2bible.com

For online Circulation | Vol. 1 Issue 6 | July 2008

## നായ്ക്കളെ സൂക്ഷിക്കുക

**എഡിറ്റോറിയൽ**

നായ്ക്കളെ സൂക്ഷിപ്പിൻ എന്ന് വിശുദ്ധ പൗലോസ് ഫിലപ്പിയർക്ക് എഴുതുമ്പോൾ എന്താണ് അർത്ഥമാക്കിയത്. ആകാത്ത വേലക്കാരും ദുരുപദേശക്കാരും തന്നെ. ദുരുപദേശക്കാരെ വിമർശിക്കുവാൻ ഇത്ര കടുപ്പമുള്ള പദങ്ങൾ ഉപയോഗിക്കണമായിരുന്നുവോ എന്നൊക്കെ സംശയം വരാം. എന്നാൽ അവർ തെറ്റിച്ചുകളയുന്ന, അവരുടെ ചതിവിൽപ്പെടുന്ന അനേകം ആത്മാക്കളെക്കുറിച്ച് ചിന്തിക്കുമ്പോൾ അതിലൊരു തെറ്റുമില്ല.

ദൈവവചനം ദുരുപദേശങ്ങൾക്കും ദുരുപദേഷ്ഠാക്കന്മാർക്കും എതിരെ നല്കുന്ന താക്കീതുകൾ നാം മറക്കരുത്. വചനം ദൈവത്തിന്റേതാണ് അതിൽ മായം ചേർക്കുന്നവന്റെ അവസ്ഥ ഭയങ്കരമായിരിക്കും. സ്വന്തം തലയിലുള്ള ഉപദേശങ്ങൾ സ്ഥാപിക്കുവാൻ വാക്യങ്ങൾ പരതുന്നതല്ല ശരിയായ രീതി. നമ്മുടെ ചിന്താഗതിക്ക് യോജിക്കുന്നത് എടുക്കുകയും ബാക്കിയുള്ളത് വിട്ടുകളയുകയും ചെയ്യുന്ന രീതി ദൈവവചനത്തിന്റെ കാര്യത്തിൽ ശരിയായ സമീപനമല്ല. നമുക്കുൾക്കൊള്ളുവാൻ കഴിയുന്നതാണെങ്കിലും അല്ലെങ്കിലും അത് വചനമെന്ന നിലയിൽ സ്വീകരിച്ച് അതിന് കീഴ്പ്പെട്ടേ മതിയാകയുള്ളു.

ദുരുപദേഷ്ഠാക്കന്മാരെപ്പറ്റിയാണെല്ലൊ പറഞ്ഞുവരുന്നത്. കൾട്ടുകളുടെ എണ്ണം വളരെ വർദ്ധിച്ചിരിക്കുന്നു. ശരിയേത് തെറ്റേത് എന്ന് അറിയാതെ ജനം കുഴയുകയാണ്. ഏത് വിത്തിട്ടാലും അത് വളരുന്ന പരുവത്തിലാണ് ആത്മീക ഗോളത്തിന്റെ പോക്ക്. ഉന്നതരെന്ന് ഗണിക്കപ്പെടുന്ന ആത്മീക നേതാക്കൾക്കു പോലും വിവേചന വരം നഷ്ടപ്പെട്ടിരിക്കുന്നു. കള്ളയപ്പൊസ്തലന്മാരെ തിരിച്ചറിഞ്ഞതിന് ആദ്യ നൂറ്റാണ്ടിലെ സഭയെ വെളിപ്പാട് പുസ്തകത്തിൽ അഭിനന്ദിക്കുന്നുണ്ട്. ഈ നൂറ്റാണ്ടിലെ സഭയെപ്പറ്റിയാണെങ്കിൽ എന്ത് പറയും? യേശു കർത്താവ് സ്വർഗ്ഗരാജ്യത്തെപ്പറ്റിപ്പറഞ്ഞ ഉപമയിൽ മനുഷ്യൻ ഉറങ്ങിയപ്പോഴാണ് കളവിതയ്ക്കപ്പെട്ടത്. പുറമെ വലിയ ഉണർവ്വ് അഭിനയിക്കുന്നുണ്ടെങ്കിലും നമ്മുടെ ആത്മീക ഉറക്കമാണ് കളവിതയ്ക്കപ്പെടുവാൻ ശത്രുവിന് അവസരം കൊടുക്കുന്നത്. ടോഡ് ബൻടിലിയും മറ്റും കാട്ടുന്ന വിക്രീയകൾക്ക് ആള് കിട്ടുന്നത് ജനത്തിന്റെ വചനത്തിലുള്ള അറിവില്ലായ്മയാണ് കാണിക്കുന്നത്. ആര് എന്ത് വിഡ്ഢിത്തം കാട്ടിയാലും അതിനെ പിന്താങ്ങുവാൻ ആള് കിട്ടുന്നത് കഷ്ടം തന്നെ.

സഭകളിൽ വചനം നന്നായി പഠിപ്പിക്കേണം. അതാണ് ഈ പ്രതിസന്ധിക്ക് ഏറ്റവും നല്ല പരിഹാരാം. വചനം നന്നായി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സഭകൾക്കും വ്യക്തികൾക്കുമെ നിലനിൽപ്പുള്ളു. ഇങ്ങനെയുള്ളയിടത്ത് അടയാളങ്ങളും അത്ഭുതങ്ങളും നടക്കാൻ മറ്റ് കസർത്തുകളുടെ ഒന്നും ആവശ്യമില്ല. ആളിനെ കൂട്ടുവാൻ വേണ്ടി എന്തെങ്കിലും ഒക്കെ കാട്ടിക്കൂട്ടുന്ന പ്രവണത മാറ്റിയിട്ട് ദൈവജനത്തെ വചനത്തിൽ വേരൂന്നിയവരായി, ആത്മീക ആരോഗ്യമുള്ളവരായി വളർത്തിയെടുക്കുവാൻ ദൈവദാസന്മാർ ഉത്സാഹിക്കണം.

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ,

പാസ്റ്റർ ഫിന്നി ചാലുങ്കൽ

## ചോദിക്കു....പറയാം.....

ചോദ്യം : മുംബൈയിലെ മാഹിം പള്ളയിൽ യേശുവിന്റെ ചിത്രത്തിൽ നിന്ന രക്തം വന്നു എന്നു കേട്ടു. ഇതിന്റെ സത്യാവസ്ഥ എന്താണ്?



ഉത്തരം : വലതു വശത്തായി കൊടുത്തിട്ടുള്ള ചിത്രത്തിൽക്കാണുന്നതാണ് മാഹിം പള്ളയിലുണ്ടായതായി പറയുന്ന അത്ഭുതം. മറിയയുടെ പേരിലുള്ള പള്ളി പണ്ട് തന്നെ മുംബൈയിലെ അറിയപ്പെടുന്ന തീർത്ഥാടന കേന്ദ്രാമയിരുന്നു. എന്നാൽ മുംബൈയിലെ കരസ്മാറ്റിക്ക് പ്രസ്ഥാനങ്ങൾക്കുണ്ടായ അഭൂതാപൂർവ്വമായ വളർച്ച കൊണ്ട് പഴയതു പോലെ ജനക്കൂട്ടത്തെ ആകർഷിക്കുവാൻ കഴിയാതിരിക്കുമ്പോഴാണ് ഇങ്ങനെയൊരു വാർത്ത പുറത്തുവരുന്നത്. സത്യമെന്തെന്ന് അന്വേഷിക്കുവാൻ മിനക്കെടാതെ ജാതിമതഭേദമെന്യ വലിയ കൂട്ടം പള്ളിയിലെത്തി. രണ്ട് ദിവസം കഴിഞ്ഞപ്പോൾ മഴക്കാലമായതുകൊണ്ട് ഈർപ്പം തട്ടി നിറം മാറിയതാണെന്ന് പള്ളിവികാരി പറഞ്ഞിട്ടും ജനം പിൻമാറുവാൻ തയ്യാറായില്ല.

പള്ളീലച്ചൻ പറഞ്ഞതു പോലെ ഈർപ്പം തട്ടി നിറം മാറിയതൊ അല്ലെങ്കിൽ അറുപതാം വാർഷീകം ആ ഞായറാഴ്ച്ച ആഘോഷിക്കുമ്പോൾ ആള് കൂട്ടുവാൻ ആരൊ ചെയ്ത നാടകവുമൊ ആവാം ഇത്. കണ്ണാടിയിൽ വരച്ച ചിത്രമാണിത്. അങ്ങനെ വരുമ്പോൾ കണ്ണാടിയുടെ പുറകിൽ വരുത്തുന്ന നിറവ്യത്യാസം വേഗത്തിൽ പ്രതിഫലിപ്പിക്കുവാൻ കഴിയും.

എന്തായലും ഇത് ബൈബിളിൽ പറയുന്ന യേശുവിൽ നിന്നുള്ള ഒരു അത്ഭുതമല്ല. കാരണം ബൈബിളിലെ യേശു ഒരിക്കലും വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കുന്ന ഒന്നും ചെയ്യുകയില്ല. മാഹിം പള്ളിയിൽ നടന്നു എന്ന് പറയപ്പെടുന്ന അത്ഭുതം കൊണ്ട് വളർന്നത് വിഗ്രഹാരാധനയാണ്. തൊട്ട് വണങ്ങാനും മുത്തം കൊടുക്കാനും ആയിരങ്ങൾ രാവെളുക്കുവോളം ക്യൂ നിന്നു. പലരുടെയും ധാരണ ചിത്രങ്ങളിൽ കാണുന്നത് യഥാർത്ഥ യേശുവാണെന്നാണ്. എന്നാൽ അവയൊക്കെ ഏതൊ ചിത്രകാരന്റെ ഭാവനയിൽ വിരിഞ്ഞ മുഖങ്ങളാണ്. അതുകൊണ്ട് തന്നെ ബാക്ക് ടൂ ബൈബിൾ കൊടുത്ത ചിത്രത്തിൽ മുഖംമില്ലാതെ നല്കിയിരിക്കുന്നത്. കാരണം അത് യേുവിന്റെ മുഖമല്ല. ഒരു വിധത്തിലും അന്ധവിശ്വാസങ്ങൾ പരക്കരുതെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

മാഹിമിലെ വ്യാജ അത്ഭുതം കത്തോലിക്കരുടെ ആദ്യ അത്ഭുതമൊന്നുമല്ല. വാണിജ്യവത്ക്കരിക്കപ്പെട്ട ആ സഭയിൽ എവിടെയെങ്കിലും ആള് കൂട്ടണമെന്നൊ, പണം വാരണമെന്നൊ ആഗ്രഹമുണ്ടാകുമ്പോൾ ഇങ്ങനെ ചിലതൊക്കെ ചെയ്യും. ഇത് പരസ്യമായ രഹസ്യമാണ്. മൺസൂൺ മഴകൊണ്ടുണ്ടായ നിറം മാറ്റം എന്ന് പറഞ്ഞ് തടിതപ്പിയ അച്ചനൊടൊരു ചോദ്യം, അങ്ങനെയെങ്കിൽ ഇതിന്റെ പേരിൽ വാരിക്കൂട്ടിയ പണം തിരിച്ചു നല്കുവാൻ തയ്യാറാകുമോ?

# വ്യജഅത്ഭുതങ്ങളും കള്ളപ്രവാചകരും

**മരിച്ചവരൊട് സംസാരവും ആഷ്ട്രൽ പ്രൊജക്ഷനും**

താൻ പൌലോസിനെ പോലെ മൂന്നാം സ്വർഗ്ഗത്തിൽ പോയെന്നും പൌലോസുമായി സംസാരിച്ചുവെന്നും മറ്റുമാണ് ടോഡിന്റെ അവകാശവാദം. തന്റെ ശരിരം വിട്ട് അത്മാവിന് മറ്റ് ഇടങ്ങളിലേക്ക് സഞ്ചരിക്കുവാൻ സാധിക്കുന്നു എന്നും ടോഡ് പ്രസ്താവിച്ചിട്ടുള്ളത് ശക്തമായി വിമർശിക്കപ്പെടുന്നു. യേശുവും ബൈബിളും ഒന്നും ടോഡിന്റെ പ്രസംഗങ്ങളിൽ പ്രധാന വിഷയങ്ങളെ അല്ല. യേശുവിനെക്കുറിച്ച് എല്ലാവർക്കും അറിവുണ്ട് അറിയാത്തത് ദൂതന്മാരെപ്പറ്റിയും ആത്മ മണ്ഡലത്തേപ്പറ്റിയും ആണെന്നും അത് പഠിപ്പിക്കുകയാണ് തന്റെ ലക്ഷ്യമെന്നും ടോഡ് പറയുന്നു.

**ബം.. ബം.. എന്താണീ ബം?**

ജനത്തിന് നേരെ നോക്കി ബം! ബം! എന്ന് ഉറച്ച് അലറിക്കൊണ്ട് കൈവീശുന്നു, ജനം ഇളകിയാടുകയാണ്. എന്താണി ബം? ആർക്കറിയാം. ഏത് വിഡ്ഢിത്തത്തിനും ഹോയി വിളിക്കുവാൻ ആളുണ്ടല്ലൊ. ടോഡ് നടത്തുന്ന സ്നാനത്തിൽ പേരിനുവേണ്ടി വല്ലപ്പോഴും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമം ഉപയോഗിക്കുന്നുണ്ട് എന്നാൽ ബം എന്ന് പറയുമ്പോൾ സ്നാനാർത്ഥി ബോധമറ്റ് വെള്ളത്തിലേക്ക് മറിഞ്ഞു വീഴുന്നു. ടോഡിന്റെ അനുചരന്മാർ മുങ്ങിച്ചാകുന്നതിന് മൻപ് ആളിനെ വലിച്ചുയർത്തും. ഒരു 'ബം' മുക്കൽ കൊണ്ട് തൃപ്തി വരാതെ അഞ്ച് 'ബം' മുക്കൽ വരെ നടത്തുന്നത് യൂടൂബിൽ ചെന്നാൽ കാണം

**ജിം ജോൺസും ടോഡ് ബെൻടിലിയും**

ആളുകൾ ടോഡിനെ ഉപമിക്കുന്നത് പഴയ ജിം ജോൺസുമായിട്ടാണ്. ജിം ജോൺസിനെ മറന്നു പോയെങ്കിൽ 1978 ൽ ജോൺസ് ടൗണിൽ തന്റെ 913 സഭാവിശ്വാസികളെക്കൊണ്ട് ഒന്നിച്ച് ആത്മഹത്യ ചെയ്യിച്ച ജിം ജോൺസ്. ചരിത്രത്തിൽ നിന്ന് ആരും ഒന്നും പഠിക്കുന്നില്ല അതാണ് സത്യം. അല്ലെങ്കിൽ ഇത്തരം കള്ളനാണയങ്ങളെ എന്താണ് തിരിച്ചറിയാത്തത്. 1993 ൽ ഒരു പിടി ചാരമായ കൾട്ടാണ് ഡേവിഡ് കോറഷിന്റേത്. എന്നിട്ട് ആരെന്ത് പഠിച്ചു?

**2012–ൽ വാൽനക്ഷത്രം ഭൂമിയിലിടിക്കും –കോറഷിന്റെ പിൻഗാമി.**

ഡേവിഡ കോറഷ് താൻ ഏലിയാവാണെന്ന് അവകാശപ്പെട്ടെങ്കിൽ അദ്ദേഹത്തിന്റെ പിൻഗാമി റെനോസ് ആവരാം ഇപ്പോൾ പറയുന്നത് താൻ ഏലിശായാണെന്നാണ്. ഗുരുവിനെ തേല്പ്പിക്കുന്ന കള്ള പ്രവചനങ്ങൾ അയാളും നടത്തി കൊണ്ടിരിക്കുന്നു. 2012 മാർച്ചിൽ വാൽനക്ഷത്രം ഭൂമിയിലിടിക്കുമെന്നും 2008 ഒക്ടോബർ മുതൽ അടുത്ത 3 1/2 ആണ്ട് ആരംഭിക്കുമെന്നും മറ്റുമാണ് ഈ വിദ്യാൻ പ്രവചിക്കുന്നത്. ഡാനിയേൽ ബർഗ്ഗസിന്റെ ഇ–മെയിൽ നിങ്ങൾക്ക് കിട്ടിയോ? കർത്താവിന്റെ വരവിന് ഇനിയും 14 വർഷം മാത്രമുള്ളെന്ന് ഈ 'ഡോ.' കണക്കു കൂട്ടിയിരിക്കുന്നു. ഇവരുടെ കഥകൾ അടുത്ത ലക്കത്തിൽ.

**"കർത്താവിന്റെ വരവ് കണക്കുകൂട്ടിയും പ്രവചിച്ചും വിഡ്ഢികളായവർ"** അടുത്ത മാസം വായിക്കുക.



ഡേവിഡ് കേറഷിന്റെ വാക്കോ യിലെ ആസ്ഥാനം കത്തിയമരുന്നു